## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2644** **19.07.2011 ൽ മറുപടിയ്ക്ക്**

### പാമ്പ് കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് ധനസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പാമ്പ് കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് എന്ന് മുതലാണ് ധനസഹായം അനുവദിച്ചത് എന്നും എന്ത് തുകയാണ് നൽകുന്നതെന്നും അറി യിക്കാമോ ; | (എ) | വനത്തിനകത്തുവച്ച് പാമ്പ് കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 1980-ൽ പുറപ്പെടുവിച്ച നഷ്ടപരിഹാര നിയമവും അതിന്റെ ഭേദഗതികളും സർക്കാർ ഉത്തരവുകളും അനുസരിച്ച് 1980 മുതൽ 5000 രൂപയും 15.12.1988 മുതൽ 10000 രൂപയും, 30.10.1999 മുതൽ 20000 രൂപയും, 20.01.2005 മുതൽ 50000 രൂപയും, 16.06.2009 മുതൽ 1 ലക്ഷം രൂപയും, 07.07.2010 മുതൽ 3 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദി ച്ചിട്ടുണ്ട്. വനത്തിന് പുറത്തുവച്ച് പാമ്പു കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 07.07.2010 മുതൽ 1 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുന്നുണ്ട്. |
| (ബി) പാമ്പുകടിയേറ്റ് ചികിത്സിക്കുന്നവർക്ക് നല്കുന്ന ചികിത്സാ സഹായം വർദ്ധിപ്പിക്കുവാനും നടപടിക്രമങ്ങൾ ലളിതമാക്കുവാനും നടപടികൾ സ്വീകരി ക്കുമോ ? | (ബി) | പാമ്പ് കടിയേറ്റോ വന്യമൃഗങ്ങളുടെ ആക്രമണംമൂലമോ പരിക്കേൽക്കുന്നവർക്ക് ചികിൽസാ സഹായം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം സ്ഥിരമായി അംഗവൈ കല്യം സംഭവിക്കുന്നവർക്ക് 25000 രൂപ വരെയും പരിക്ക് പറ്റുന്നവർക്ക് 5000 രൂപ വരെയും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. ഈ തുക വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്. നഷ്ടപരിഹാരം ലഭിക്കുന്നതിന് ലളിതമായ നടപടിക്രമമാണ് നിലവിലുള്ളത്. |

**സെക്ഷൻ ഓഫീസർ**

— — — —